# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: **26.05.2021** മുതൽ **30.05.2021** വരെ)

## കോഴിക്കോട് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം
ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/കെ.കെ.ഡി. 42/2021 | തീയ്യതി: 25/05/2021 |
|---|---|

എ. പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 47.3 | 27.6 – 34.2 | 23.2 – 26.2 | 74 - 98 | 00 - 10 |

ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 26-05-2021 | 27-05-2021 | 28-05-2021 | 29-05-2021 | 30-05-2021 |
|---|---|---|---|---|---|
| മഴ, മി.മീ | 15 | 10 | 6 | 12 | 20 |
| കൂടിയ താപനില, °C | 34 | 34 | 34 | 34 | 34 |
| കുറഞ്ഞ താപനില, °C | 26 | 26 | 26 | 26 | 26 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 98 | 98 | 98 | 98 | 98 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 74 | 74 | 74 | 74 | 74 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 10 | 4 | 5 | 5 | 5 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 340 | 320 | 320 | 320 | 320 |
| മേഘ വിന്യാസം, ഒക്ടാ | 5 | 4 | 2 | 3 | 6 |

സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| പൊതു നിർദ്ദേശങ്ങൾ | മെയ് 30 വരെ സാമാന്യം ഭേദപ്പെട്ട മഴയുണ്ടാകും. ഒറ്റപ്പെട്ടയിടങ്ങളിൽ അന്തരീക്ഷം പ്രക്ഷുബ്ധമായി ഇടിമിന്നലും കാറ്റും ശക്തമായ മഴയും ഉണ്ടായേക്കാം<br>വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര, വളം എന്നിവ സുരക്ഷിതമാക്കി സൂക്ഷിക്കുക<br>വാഴ പച്ചക്കറികൾ എന്നിവ താങ്ങുകൾ നല്കി സംരക്ഷിക്കുക.<br>നിലവിലെ വർധിത അന്തരീക്ഷ ആർദ്രതയും ഒപ്പം അധികരിച്ച താപ സൂചികയും തെങ്ങിൽ കൂമ്പുചീയലും കവുങ്ങിൽ മഹാളി രോഗവും പടരാൻ സാധ്യതയുണ്ട്. തോട്ടങ്ങളിൽ സമ്പൂർണ ശുചിത്വം അവലംബിക്കുക. വീണുകിടക്കുന്ന തേങ്ങാ, അടക്ക എന്നിവ പൂർണമായും നീക്കം ചെയ്യുക. രോഗം വന്നു നശിച്ച മരങ്ങൾ പൂർണമായും മുറിച്ചുമാറ്റി തീയിട്ടു നശിപ്പിക്കണം. മുൻകരുതലായി തെങ്ങിന്റെ തിരിയോലയിലും കവുങ്ങിന്റെ ഇലകളിലും കുലകളിലും ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുക.. | | |

| | | |
|---|---|---|
| നെല്ല്: വിരുപ്പൂ (ഒന്നാം വിള) | നിലമൊരുക്കൽ | നേരത്തെ തന്നെ പൊടിവിത അവലംബിച്ച പാടങ്ങളിൽ ഇതുവരെ കുമ്മായം ചേർത്തിട്ടില്ല എങ്കിൽ സെന്റിന് 1400 ഗ്രാം വീതം കുമ്മായം ചേർക്കുക.<br>പറിച്ചു നടുന്ന ഇടങ്ങളിൽ നഴ്സറി തയ്യാറാക്കുന്ന സമയത്ത് ചതുരശ്ര മീറ്ററിന് ചുരുങ്ങിയത് 1 കി. ഗ്രാം ഉണക്കിപ്പൊടിച്ച ചാണകം/കമ്പോസ്റ്റ് മണ്ണിൽ നന്നായി ഇളക്കി ചേർക്കേണ്ടതാകുന്നു. രോഗബാധ തടയുന്നതിനായി നടുന്നതിന് മുൻപ് വിത്ത്, സ്യൂഡോമോണസ് (ഒരു കിലോ ഗ്രാം വിത്തിനു 10 ഗ്രാം സ്യൂഡോമോണസ് എന്ന തോതിൽ) -ഉം ആയി കലർത്തുക..<br>പറിച്ചു നടാനുള്ള പാടങ്ങളും ഇതോടപ്പം തായാറാക്കാൻ തുടങ്ങുക. ജല നിർഗമന ചാലുകളിൽ അടിഞ്ഞുകൂടിയ മണ്ണ് കളകൾ എന്നിവ നീക്കം ചെയ്തു സുഗമമായ നീർവാർച്ച ഉറപ്പുവരുത്തുക.<br>പാടം ഉഴുന്നതോടൊപ്പം തന്നെ സെന്റിന് 1400 ഗ്രാം കുമ്മായ 20 കി. ഗ്രാം ജൈവവളവും ചേർത്തിളക്കണം |
| തെങ്ങ് | വിവിധ ഘട്ടം | വെള്ളം കെട്ടി നിൽക്കാത്ത ഇടനാടൻ പ്രദേശങ്ങളിലും കുന്നിൻ പ്രദേശങ്ങളിലും തെങ്ങുകൾക്കു തടം തുറന്നു വളം നൽകാം<br>തടത്തിനു തെങ്ങിൽ നിന്നും ചുറ്റും ഒരു മീറ്റർ എൺപതു സെന്റിമീറ്റർ വീതി ഉണ്ടായിരിക്കണം. തെങ്ങിന്റെ അരികിൽ നിന്ന് അരയടിയോളം വിട്ട് ചെരിച്ചെടുക്കുന്ന തടത്തിന് വക്കിലെത്തുമോഴേക്കും മുപ്പതു സെന്റീമീറ്റർ ആഴം ഉണ്ടായിരിക്കണം. തെങ്ങൊന്നിന് ഒരു കിലോഗ്രാം വീതം ഡോളോമേറ്റ്/ കുമ്മായം തടത്തിൽ ഒരേ പോലെ വിതറി മണ്ണുമായി ചേർത്തിളക്കുക. തുടർന്ന് ഇരുപത്തിയഞ്ചു കിലോഗ്രാം പച്ചില വളം ചേർക്കുക. ഒരാഴ്ച കഴിഞ്ഞു ലഭ്യതയ്ക്കനുസരിച്ചു ചാണക വളം, കമ്പോസ്റ്റ് എന്നിവയും ഒന്നാം ഗഡു രാസ വളങ്ങളും നൽകുക.<br>പൊതുവെ സാധാരണ രീതിയിൽ പരിപാലനം ചെയ്യുന്ന തെങ്ങുകൾക്ക് 250 ഗ്രാം യൂറിയ+300 ഗ്രാം റോക്ക് ഫോസ്ഫേറ്റ് + 400 ഗ്രാം പൊട്ടാഷ് + 250 ഗ്രാം മെഗ്നീഷ്യം സൾഫേറ്റ് എന്നിവ നൽകാം. രാസവളങ്ങൾ തെങ്ങിൻ തടിയിൽനിന്നും ഒന്നരമീറ്റർ അകലം വിട്ടു വേണം തടത്തിനും ചുറ്റും ചേർക്കാൻ<br>നട്ട വർഷത്തിൽ മുകളിൽ പറഞ്ഞതിന്റെ പത്തിലൊന്നും നട്ടുകഴിഞ്ഞു ഒരു വർഷം പ്രായമായ തെങ്ങിന് മൂന്നിലൊന്നും രണ്ടുവർഷം പ്രായമായാൽ മൂന്നിൽ രണ്ടു ഭാഗം അളവിലും വളം പ്രയോഗിക്കുക. മൂന്നു വർഷം തൊട്ടു മേല്പോട്ടു പൂർണമായ അളവിൽ വളം നൽകുക.<br>പരിപാലന മുറകൾക്കനുസരിച്ചും അത്യുത്പാദന ശേഷിയുള്ള ഇനങ്ങൾക്കനുസരിച്ചും മണ്ണ് പരിശോധനാടിസ്ഥാനത്തിൽ രാസവളത്തിന്റെ തോതിൽ ഭേദഗതികൾ വരുത്താൻ പറ്റുന്നതാണ്. |
| കുരുമുളക് | വിവിധ ഘട്ടം | ചീച്ചൽ രോഗം<br><br>മുൻകരുതലായി ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക്-ചാണക മിശ്രിതം 150 ഗ്രാം വീതം തടത്തിൽ വിതറി മണ്ണുമായി ചേർത്തിളക്കുക.<br>രോഗ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയാൽ റെഡോമിൽ രണ്ടു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തടത്തിലെ മണ്ണ് കുതിർക്കുക.<br>ഇലകളിൽ ചീച്ചൽ കാണുകയാണെങ്കിൽ ഇതേ മിശ്രിതം ഇലകളിലും തണ്ടിലും തളിക്കുക. |

आजादी का अमृत महोत्सव

| | | | |
|---|---|---|---|
| വാഴ | വിവിധ ഘട്ടം | ഇലപ്പുള്ളി രോഗം  | രോഗം ബാധിച്ച ഇലകൾ വെട്ടി മാറ്റി തീയിട്ടു നശിപ്പിക്കുക. ടിൽറ്റ് അല്ലെങ്കിൽ കോൺടാഫ് ഇവയിലേതെങ്കിലും 2 മില്ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിക്കുക |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി